പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ: 980 11.07.2011 ലെ മറുപടിക്ക്

## കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ

**ചോദ്യം**

**ശ്രീ. ആർ. രാജേഷ്**

എ) സംസ്ഥാനത്ത് ഏതെല്ലാം തരത്തിലുള്ള കോ-ഓപ്പറേറ്റീവ് സൊസൈറ്റികളാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ;

**മറുപടി**

**ശ്രീ. സി.എൻ. ബാലകൃഷ്ണൻ**
**(സഹകരണവും ഖാദി-ഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി)**

എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വിവിധതരത്തിലുള്ള സഹകരണ സംഘങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

**I. ക്രെഡിറ്റ് മേഖല**

**എ. ഹ്രസ്വകാല/മധ്യകാല വായ്പാമേഖല**

1. അപ്പക്സ് - സംസ്ഥാന സഹകരണ ബാങ്ക്
2. സെൻട്രൽ - ജില്ലാ സഹകരണ ബാങ്ക്
3. പ്രൈമറി - പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, റീജിയണൽ ബാങ്കുകൾ, റൂറൽ ബാങ്കുകൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ, അർബൻ സഹകരണ ബാങ്കുകൾ, എംപ്ലോയീസ് സഹകരണ സംഘങ്ങൾ, അർബൻ സഹകരണ സംഘങ്ങൾ.

**ബി. ദീർഘകാല വായ്പ മേഖല**

1. അപ്പക്സ് - കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്
2. പ്രൈമറി - പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ

**സി. ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ**

1. അപ്പക്സ് - കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ
2. പ്രൈമറി ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ

**II. എ. വിപണന സഹകരണ സംഘങ്ങൾ**

1. അപ്പക്സ് - കേരള സംസ്ഥാന സഹകരണ മാർക്കറ്റിംഗ് ഫെഡറേഷൻ, കേരള സംസ്ഥാന സഹകരണ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ.
2. പ്രാഥമിക വിപണന സഹകരണ സംഘങ്ങൾ

**ബി. 1. കാർഷിക സംസ്കരണ സംഘങ്ങൾ**

1. പ്രാഥമിക സംസ്കരണ സംഘങ്ങൾ
2. അപ്പക്സ് - കേരള കേര കർഷക സഹകരണ ഫെഡറേഷൻ

**2. വ്യവസായ സംസ്കരണ സംഘങ്ങൾ**

i. **അപ്പക്സ്**

1. കേരള സംസ്ഥാന സഹകരണ ടെക്സ്റ്റൈൽ ഫെഡറേഷൻ (textfed)
2. കേരള സ്റ്റേറ്റ് കാഷ്യൂ വർക്കേഴ്സ് അപ്പക്സ് ഇന്റസ്ട്രിയൽ സഹകരണ സംഘം (CAPEX)
3. കേരള സ്റ്റേറ്റ് സെറികൾച്ചറൽ സഹകരണ ഫെഡറേഷൻ (സെറിഫെഡ്)

ii. **പ്രൈമറി** - സഹകരണ സ്പിന്നിംഗ് മിൽസ്, പ്രൈമറി കാഷ്യൂ വർക്കേഴ്സ് ഇൻഡസ്ട്രിയൽ സഹകരണ സംഘം പ്രൈമറി സെറികൾച്ചർ സഹകരണ സംഘം.

**3. മറ്റ് സംസ്കരണ സംഘങ്ങൾ - ആയുർവേദ സഹകരണ സംഘങ്ങൾ**

**സി. അഗ്രോ ഇൻഡസ്ട്രിയൽ സഹകരണ സംഘങ്ങൾ**

1. ഫെഡറൽ സംഘങ്ങൾ - കേരളാ റീജിയണൽ അഗ്രോ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് സഹകരണ സംഘം
2. പ്രൈമറി സംഘങ്ങൾ - കേരള സ്റ്റേറ്റ് റബ്ബർ സഹകരണ സംഘം (റബ്കോ)

**III. കൺസ്യൂമർ സംഘങ്ങൾ**

1. അപ്പക്സ് - കേരള സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷൻ
2. സെൻട്രൽ - ജില്ലാ മൊത്ത വ്യാപാര സഹകരണ സംഘങ്ങൾ
3. പ്രൈമറി - പ്രൈമറി കൺസ്യൂമർ സഹകരണ സംഘങ്ങൾ

**IV. ഫാമിംഗ് സഹകരണ സംഘങ്ങൾ**

1. ബെറ്റർ ഫാമിംഗ് സഹകരണ സംഘങ്ങൾ
2. ജോയിന്റ് ഫാമിംഗ് സഹകരണ സംഘങ്ങൾ
3. ടെനന്റ് ഫാമിംഗ് സഹകരണ സംഘങ്ങൾ
4. കളക്റ്റീവ് ഫാമിംഗ് സഹകരണ സംഘങ്ങൾ

**V. പ്രൊഡ്യൂസേർസ് സംഘങ്ങൾ**

1. അപ്പക്സ് - ഹാന്റക്സ്, കയർ ഫെഡ്, മത്സ്യഫെഡ്, മിൽമ
2. സെൻട്രൽ - സെൻട്രൽ കയർ മാർക്കറ്റിംഗ് സംഘം, റീജിയണൽ മിൽക്ക് പ്രൊഡ്യൂസേർസ് യൂണിയൻ
3. പ്രൈമറി - വീവേർസ് സംഘങ്ങൾ, കയർ സംഘങ്ങൾ, മത്സ്യ സംഘങ്ങൾ, ക്ഷീര സംഘങ്ങൾ

**VI. ഹോസ്പിറ്റൽ സംഘങ്ങൾ**

1. അപ്പക്സ് - കേരള സഹകരണ ഹോസ്പിറ്റൽ ഫെഡറേഷൻ
2. പ്രൈമറി - പ്രാഥമിക ആശുപത്രി/ഡിസ്പെൻസറി സംഘങ്ങൾ

**VII. പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ**

1. അപ്പക്സ് - കേരള സംസ്ഥാന പട്ടികജാതി/പട്ടിക വർഗ്ഗ വികസന സഹകരണ ഫെഡറേഷൻ
2. പ്രൈമറി - പ്രാഥമിക പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ

**VIII. വിദ്യാഭ്യാസ സഹകരണ സംഘങ്ങൾ**

**IX. ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ**

**X. വനിത സഹകരണ സംഘങ്ങൾ**

**XI. മിസലേനിയസ് സഹകരണ സംഘങ്ങൾ**

1. സോഷ്യൽ വെൽഫയർ സംഘങ്ങൾ
2. കൊമേഴ്സ്യൽ സംഘങ്ങൾ - ഇൻഷ്വറൻസ് മോട്ടോർ ട്രാൻസ്പോർട്ട് ആട്ടോറിക്ഷ, മീഡിയാ, വിഷ്വൽ & ഫിലിം സംഘങ്ങൾ.
3. മറ്റ് ഇതര സംഘങ്ങൾ

ബി) പുതിയതായി കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ രജിസ്റ്റർ ചെയ്യുന്നതിന് എന്തെല്ലാം നടപടി ക്രമങ്ങളാണ് നിലവിലുള്ളത്;

ബി) പുതുതായി ഒരു സഹകരണ സംഘം രജിസ്റ്റർ ചെയ്യുന്നതിനായി നിർദ്ദിഷ്ട അപേക്ഷാഫോറത്തിൽ (ഫോറം നം. 1) 25 വ്യത്യസ്ത കുടുംബങ്ങളിൽപ്പെട്ട കുറഞ്ഞത് 25 വ്യക്തികൾ ഒപ്പിട്ട്, ആരംഭിക്കാനുദ്ദേശിക്കുന്ന സഹകരണ സംഘത്തിന്റെ കരട് നിയമാവലിയുടെ 3 പകർപ്പുകൾ സഹിതം നിർദ്ദിഷ്ട ഫീസ് (500/- രൂപ, സ്കൂൾ, വനിതാ, പട്ടികജാതി, പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് 50/- രൂപ) സഹിതം ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർക്ക് സമർപ്പിക്കണം. അപേക്ഷയോടൊപ്പം സംഘത്തിന്റെ വിജയ സാധ്യത പരാമർശിക്കുന്ന പദ്ധതി റിപ്പോർട്ടും, രജിസ്ട്രാർ ആവശ്യപ്പെടുന്ന മറ്റ് രേഖകളും സമർപ്പിക്കേണ്ടതാണ്. ആരംഭിക്കാനുദ്ദേശിക്കുന്ന സംഘത്തിന്റെ പ്രവർത്തനപരിധി ഒരു ജില്ലയിൽ അധികരിക്കുന്നില്ലെങ്കിൽ അത്തരം സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള അധികാരം ജില്ലയിലെ ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാറിന് നൽകിയിട്ടുണ്ട്.

സി) സഹകരണ മേഖലയിൽ കൂടുതൽ സൊസൈറ്റികൾ രൂപീകരിക്കുന്നത് നാടിന്റെ വികസനത്തിന് സഹായകമാകുമോ;

ഓരോ മേഖലയിലും പുതിയ സഹകരണ സംഘങ്ങൾ, അത്തരം സംഘങ്ങൾ നിലവിലില്ലാത്ത മേഖലകളിൽ രൂപീകരിച്ച് പ്രവർത്തിക്കുന്നത് നാടിന്റെ വികസനത്തിന് സഹായകരമായിരിക്കും.

ഡി) പുതിയ സഹകാരികളെയും പുതിയ സൊസൈറ്റികളെയും പ്രോത്സാഹിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

നിയമത്തിനും, ചട്ടത്തിനും, സർക്കാർ നയത്തിനും അനുസൃതമായി പുതിയ സംഘങ്ങളെയും സഹകാരികളെയും പ്രോത്സാഹിപ്പിക്കുന്നതാണ്.

Rajendran

**സെക്ഷൻ ഓഫീസർ**